## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 934

06.06.2018-ൽ മറുപടിയ്ക്ക്

### സാംസ്കാരിക രംഗത്ത് വനിതകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.ഐ.ബി. സതീഷ് :**

സാംസ്കാരിക രംഗത്ത് വനിതകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സാംസ്കാരിക വകുപ്പ് വഴി നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ.എ.കെ.ബാലൻ**
**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ 157 കലാകാരികളെ ഫെലോഷിപ്പിനായി പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ തെരഞ്ഞെടുത്തിട്ടുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളകൾ, പ്രാദേശികമേളകൾ, ഡോക്യുമെന്ററി, ഹ്രസ്വ ചിത്രമേളകൾ എന്നിവയിൽ സ്ത്രീ സംവിധായികമാരുടെ മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്താറുണ്ട്. കഴിഞ്ഞ രാജ്യാന്തര ചലച്ചിത്ര മേളയിൽ 24 സംവിധായകരുടെ സിനിമകൾ ഉൾപ്പെടുത്തിയിരുന്നു. മലയാളി സംവിധായകർ സ്ത്രീകളെ വ്യത്യസ്തമായി പ്രതിനിധാനം ചെയ്ത സിനിമകളുടെ പ്രത്യേക പാക്കേജും ഉൾപ്പെടുത്തിയിരുന്നു. മേളയുടെ ഭാഗമായി 2017 ഡിസംബർ 12, 13 തീയതികളിൽ സിനിമാ രംഗത്ത് പ്രവേശിക്കാനാഗ്രഹിക്കുന്ന സ്ത്രീകൾക്കായി ദ്വിദിന പരിശീലനക്കളരി സംഘടിപ്പിക്കുകയുണ്ടായി.

കേരള സാഹിത്യ അക്കാദമി 'നീർമാതളത്തണലിൽ' എന്ന പേരിൽ കമല സുരയ്യ സ്മാരകത്തിൽ വച്ച് 3 ദിവസമായി എഴുത്തുകാരികളുടെ ക്യാമ്പ് നടത്തിയിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി 2018 മെയ് മാസത്തിൽ 20 മലയാളം എഴുത്തുകാരികളും 20 തമിഴ് എഴുത്തുകാരികളും ചേർന്ന സംവാദം തമിഴ്നാട്ടിലെ തിരുവണ്ണാമലയിൽ വച്ച് നടത്തിയിട്ടുണ്ട്.

കേരള ലളിതകലാ അക്കാദമി, ആലപ്പുഴയിലെ മാരാരി ബീച്ചിൽ വച്ച് ചിത്രകാരികൾക്കുവേണ്ടി ദേശീയ ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**